# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:3385 08.11.2019 ൽ മറുപടിയ്ക്ക്

**പഞ്ചായത്തുകളുടെ വാർഷിക പദ്ധതി**

| ചോദ്യം<br>**ശ്രീ.എം.ഉമ്മർ** | | മറുപടി<br>**എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** | |
|---|---|---|---|
| (എ) | ഈ സാമ്പത്തിക വർഷം പഞ്ചായത്തുകളുടെ എത്ര പദ്ധതികൾക്കാണ് സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ ഏകോപന സമിതി അംഗീകാരം നൽകിയത്; വിശദമാക്കാമോ; | (എ) | ഈ സാമ്പത്തിക വർഷം ത്രിതല പഞ്ചായത്തുകളുടെ (ജില്ലാ പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് ) 69 പദ്ധതികൾക്കാണ് വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ കമ്മിറ്റി അംഗീകാരം നൽകിയത്. സർക്കാർ അനുമതി ആവശ്യമുള്ള പദ്ധതികൾ, മാർഗ്ഗരേഖയിൽ പറയാത്തതും എന്നാൽ മുൻവർഷങ്ങളിൽ നടപ്പാക്കിയതുമായ വിവിധ പ്രോജക്ടുകളുടെ സാധൂകരണം, മുൻവർഷങ്ങളിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ബിൽതുക നൽകാൻ അനുമതി, ഗുണഭോക്തൃ വിഹിതത്തിലെ കുറവ് ഒഴിവാക്കുന്നതിനുള്ള പ്രത്യേക അനുമതി എന്നിവ ഉൾപ്പടെയുള്ള എണ്ണമാണിത്. |
| (ബി) | ഈ വർഷത്തെ വാർഷിക പദ്ധതിയിൽ എത്ര രൂപയാണ് വകമാറ്റി ചെലവഴിക്കാൻ അനുമതി നൽകിയത് എന്നും ഏതെല്ലാം പദ്ധതികൾക്കാണെന്നുമുള്ള വിശദാംശം നൽകുമോ; | (ബി) | വകമാറ്റി തുക ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടില്ല. |
| സി) | പഞ്ചായത്തുകളുടെ പദ്ധതി തുക വിനിയോഗത്തിന് ഏർപ്പെടുത്തിയിട്ടുള്ള ട്രഷറി നിയന്ത്രണങ്ങളുടെ വിശദാംശം നൽകുമോ; | (സി) | മാർച്ച് അവസാന ദിവസങ്ങളിൽ ബില്ലുകൾ സമർപ്പിക്കുക വഴി ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാനും ബില്ലുകൾ പരിശോധനയോടെ സുഗമമായി പാസാക്കാനും സാധിക്കുന്ന രീതിയിൽ 23.03.2019-ലെ 27/ 2019/ഫിൻ നമ്പർ സർക്കുലർ പ്രകാരം ചില നിർദ്ദേശങ്ങൾ നൽകിയിരുന്നു. ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണ ഗതിയിൽ കാലങ്ങളായി നടപ്പിലാക്കി വരുന്നതാണ്. വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് ഒഴിവാക്കുന്നതിനും സമതുലിതാവസ്ഥ നിലനിർത്തുന്നതിനുമായി വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. ദൈനംദിന മാനേജ്മെന്റിനു വേണ്ട ക്രമീകരണങ്ങൾ ഓരോ സമയത്തും എടുക്കുന്നതിനപ്പുറം അധിക നിയന്ത്രണങ്ങൾ ഒ |

| | | | |
|---|---|---|---|
| | | | ന്നും ഏർപ്പെടുത്തിയിട്ടില്ല. |
| (ഡി) | പ്രസ്തുത നിയന്ത്രണം പഞ്ചായത്ത് തല പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചതായ കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | 23.03.2019-നകം ട്രഷറിയിൽ സമർപ്പിച്ച മുഴുവൻ ബില്ലുകളും പാസായിട്ടുണ്ട്. അതിനുശേഷം സമർപ്പിച്ച ബില്ലുകളുടെ തുക ഏപ്രിൽ മാസം ആദ്യം തന്നെ മാറി നൽകുന്നതിന് ക്രമീകരണം ഏർപ്പെടുത്തുകയും ഏപ്രിൽ, മെയ് മാസത്തോടെ ഇത്തരം ക്യൂബില്ലുകളുടെ തുക മാറി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സ്പിൽഓവർ പ്രോജക്റ്റുകൾകൂടി ഉൾപ്പെടുത്തി വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിന് 15.05. 2019 -ലെ സ.ഉ. (സാധാ)നം. 990/2019/തസ്വഭവ ഉത്തരവ് പ്രകാരവും 12.06.2019-ലെ സ.ഉ. (സാധാ)നം. 1209/2019/തസ്വഭവ ഉത്തരവ് പ്രകാരവും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിനായി ഗ്രാമ/ ബ്ലോക്ക് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും 2019-20 ലെ ബജറ്റ് വിഹിതത്തിന്റെ 20 ശതമാനംവരെയും ജില്ലാ പഞ്ചായത്തുകൾക്കും കോർപ്പറേഷനുകൾക്കും 30 ശതമാനം വരെയും അധിക തുകയുള്ള സ്പിൽ ഓവർ പ്രോജക്റ്റുകൾ എടുക്കുന്നതിന് അനുവദിക്കുകയും ചെയ്തിരുന്നു. 4-10-2019 ലെ ഗ്രാമ , ജില്ലാ പഞ്ചായത്തുകളുടെ പദ്ധതികളുടെ ആകെ ചെലവ് ശതമാനത്തിന്റെ കണക്കുകൾ പ്രകാരം ,ട്രഷറി നിയന്ത്രണം പഞ്ചായത്ത്തലപദ്ധതിനടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചതായി കാണുന്നില്ല. |

**സെക്ഷൻ ഓഫീസർ**

Signed by
Viraj K
Date: 22-01-2024 16:26:39